## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3415 — 14/07/2015-ൽ മറുപടിക്ക്

## ആദിവാസിക്ഷേമ സമിതി ഉന്നയിച്ച ആവശ്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയിൽ ആദിവാസികൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശനിയമം നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ; | (എ) | വനം ഭൂമിയിൽ ആദിവാസികൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ആദിവാസിക്ഷേമ സമിതിയുടെ നേതൃത്വത്തിൽ 2014 ൽ നടത്തിയ വയനാട് കളക്ടറേറ്റ് ഉപരോധസമരം എത്രദിവസം നീണ്ടുനിന്നുവെന്നും എന്തെല്ലാം ആവശ്യങ്ങളാണ് മുന്നോട്ട് വച്ചതെന്നും വിശദമാക്കാമോ; | (ബി) | ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ 2014 ൽ നടത്തിയ വയനാട് കളക്ടറേറ്റ് ഉപരോധ സമരം രണ്ട് ദിവസം (01.09.2014, 02.09.2014) നീണ്ട് നിന്നു. സമരക്കാർ മുന്നോട്ട് വച്ചത് താഴെ പറയുന്ന ആവശ്യങ്ങളാണ്.<br>1) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുക.<br>2) ഭവനരഹിതർക്ക് വീട് നൽകുക<br>3) വനാവകാശ നിയമപ്രകാരം വന ഭൂമി കൈവശമുള്ളവർക്ക് കൈവശ രേഖ നൽകുക.<br>4) ആദിവാസികളുടെ കടങ്ങൾ എഴുതി തള്ളുക<br>5) 10-ാം ക്ലാസ്സ് വിജയിച്ച എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും +1 ന് പ്രവേശനം നൽകുക. |
| (സി) | സമരം അവസാനിപ്പിക്കാൻ സർക്കാർ ഇടപെട്ടപ്പോൾ സമരക്കാരുടെ ആവശ്യങ്ങളെല്ലാം അംഗീകരിക്കുകയുണ്ടായോ; ആവശ്യങ്ങൾ മുഴുവൻ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ ; | (സി) | 2.09.2014 ൽ ബഹു. പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി സമരക്കാരുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് സമരം അവസാനിപ്പിച്ചത്. ഇതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>➢ ടി.ആർ.ഡി.എം. മുഖേന വയനാട് ജില്ലയിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് നൽകിയ 50 കോടി രൂപ |

| | | | |
|---|---|---|---|
| | | | ചെലവഴിച്ച് ഭൂമി വാങ്ങുന്ന പദ്ധതി പുരോഗമിക്കുന്നു.<br>➢ ഭവനരഹിതർക്ക് വീട് നൽകുന്നതിന് ഹഡ്കോ, എ.റ്റി.എസ്.പി, ജനറൽ ഹൗസിംഗ് എന്നീ ഭവന നിർമ്മാണ പദ്ധതികളിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>➢ വനഭൂമി കൈവശമുള്ളവർക്ക് വനാവകാശ നിയമ പ്രകാരമുള്ള കൈവശ രേഖ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>➢ കടങ്ങൾ എഴുതിത്തള്ളുന്നതിന് ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും, പദ്ധതി നടപ്പാക്കൽ അന്തിമഘട്ടത്തിലുമാണ്.<br>➢ പ്ലസ് വൺ ക്ലാസ്സ് പ്രവേശനത്തിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 3 താലൂക്കുകളിലും സ്പെഷ്യൽ ക്യാമ്പുകൾ നടത്തി +1 അഡ്മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്ത ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ഡി) | എല്ലാ ആവശ്യങ്ങളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്. |

R. [signature]

**സെക്ഷൻ ഓഫീസർ**